**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - [illegible]]

നമ്പർ. എസ്.എസ്.ബി2/109/ട്രിസ്/2019

തീയതി, 02.07.2020

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ലേണേഴ്സ് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് പുനരാരംഭിക്കുന്നത് – സംബന്ധിച്ച്

സൂചന :- 29.06.2020-ലെ ബി2/132/2020/ഗതാ സർക്കാർ ഉത്തരവ്

കോവിഡ് 19 മഹാമാരി പ്രതിരോധനടപടികളുടെ ഭാഗമായി ലേണേഴ് ഡ്രൈവിംഗ് ടെസ്റ്റുകൾ 2020 മാർച്ച് രണ്ടാം വാരത്തോടെ നിർത്തി വയ്ക്കുകയുണ്ടായി. അൺലോക്ക് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 29.06.2020-ലെ ബി2/132/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2020 ജൂലൈയ് ഒന്ന് മുതൽ ലേണേഴ്സ് ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നു. അപേക്ഷകർക്ക് അവരവരുടെ സ്ഥലങ്ങളിലിരുന്ന് ടെസ്റ്റിൽ പങ്കെടുക്കാവുന്നുള്ള സംവിധാനം ഒരുക്കണമെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ 2020 ജൂലൈയ് ഒന്ന് മുതൽ ലേണേഴ്സ് ലൈസൻസ് അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സംവിധാനം ലഭ്യമായിരിക്കുന്നതാണ്. സർക്കാർ നിർദ്ദേശപ്രകാരമുള്ള ടെസ്റ്റിംഗ് രീതിയിലേയ്ക്ക് മാറുന്നതിന് സാരഥി സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. സോഫ്റ്റ്‌വെയർ മാറ്റങ്ങൾ വരുന്നതിനനുസരിച്ച് ഒരാഴ്ച്ചയ്ക്കുള്ളിൽ ടെസ്റ്റുകൾ പുനരാരംഭിക്കുന്നതാണ്.

ഇതോടനുബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓൺലൈനായി അപേക്ഷ parivaahan.gov.in എന്ന വെബ്സൈറ്റിൽ കൂടി സമർപ്പിക്കണം

2. എല്ലാ ഫോറങ്ങളും നിയമപ്രകാരം ആവശ്യമായ മെഡിക്കൽ, കാഴ്ച പരിശോധന സർട്ടിഫിക്കറ്റുകളും, സ്വയം സാക്ഷ്യപ്പെടുത്തിയ വയസ്സ്, അഡ്രസ്സ് എന്നിവ തെളിയിക്കാനുള്ള രേഖകളും ഒപ്പിട്ട് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യണം.

3. ഓൺലൈൻ ടെസ്റ്റിനായി അപേക്ഷകൻ ലഭ്യമായ ഡേറ്റുകളിൽ സൌകര്യപ്രദമായത് തിരഞ്ഞെടുക്കേണ്ടതാണ്.

4. ബന്ധപ്പെട്ട ഓഫീസുകളിലെ ഉദ്യോഗസ്ഥൻ ഓൺലൈൻ ആയി ലഭിച്ച അപേക്ഷ പരിശോധിച്ച് പിഴവില്ലാത്തതെല്ലാം അംഗീകരിക്കുകയും അല്ലാതുള്ളവ പോരായ്മകൾ പരിഹരിക്കുന്നതിനായി (sending for want of) എന്ന് ഓൺലൈൻ ആയി നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇത് എസ്.എം.എസ് ആയി അപേക്ഷകന് ലഭ്യമാകുന്നു.

5. പരിവാഹൻ വെബ്സൈറ്റിൽ സാരഥി ലിങ്കിലെ apply online dropdown മെനുവിൽ application status എന്ന ലിങ്ക് ഉപയോഗിച്ച് ഈ പോരായ്മകൾ പരിഹരിച്ച് ചെയ്യപ്പെട്ട അപേക്ഷകൾ പിഴവ് പരിഹരിച്ച് വീണ്ടും സമർപ്പിക്കാവുന്നതാണ്.

6. അപേക്ഷകൻ ടെസ്റ്റിനു വേണ്ടി ബുക്ക് ചെയ്തിരിക്കുന്ന ദിവസം സമയക്രമം അനുസരിച്ച് ഐ.ഡി.യും പാസ്സ്‌വേർഡും എസ്.എം.എസ് മുഖേന രജിസ്റ്റേഡ് മൊബൈലിൽ ലഭ്യമാകുന്നു. ഇവ യാതൊരു കാരണവശാലും അപേക്ഷകൻ മറ്റുള്ളവർക്ക് ഫോർവേഡ് ചെയ്യുകയോ കൈമാറുകയോ ചെയ്യാൻ പാടുള്ളതല്ല.

7. അപേക്ഷകൻ അദ്ദേഹത്തിന്റെ കമ്പ്യൂട്ടറിലോ, മൊബൈൽ ഫോണിലോ ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്.

8. യാതൊരു കാരണവശാലും ഡ്രൈവിംഗ് സ്കൂളുകളിലോ അതുപോലുള്ള മറ്റേതെങ്കിലും ഏജൻസികളിലോ അവരുടെ സഹായത്തോടെയോ ടെസ്റ്റിൽ പങ്കെടുക്കുവാൻ പാടില്ല.

9. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഇത്തരത്തിൽ ബോധ്യപ്പെടുന്നപക്ഷം അപേക്ഷകരെ അയോഗ്യരാക്കുന്നതും ഇതിന് ഒത്താശ ചെയ്യുന്ന ഡ്രൈവിംഗ് സ്കൂളുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

10. ലേണേഴ്സ് ടെസ്റ്റിന് 50 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾ ഉണ്ടാകും. ഇതിൽ 30 എണ്ണത്തിന് ശരിയായ ഉത്തരം തിരഞ്ഞെടുത്താൽ ടെസ്റ്റിൽ വിജയിക്കുന്നതും ലേണേഴ്സ് ലൈസൻസ് ലഭ്യമാകുന്നതും ആയിരിക്കും. ആകെ ടെസ്റ്റിനായി അനുവദിച്ചിരിക്കുന്ന സമയം 30 മിനിറ്റാണ്.

223–

പാസായ അപേക്ഷകർ അവരവരുടെ ലേണേഴ്സ് ലൈസൻസ് സാരഥി സോഫ്റ്റ്വെയറിലൂടെ ഡൌൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഇത് മൊബൈൽ ഡോക്യുമെന്റായും സൂക്ഷിക്കാവുന്നതാണ്.

11. ലേണേഴ്സ് പരീക്ഷയിൽ പരാജയപ്പെടുന്ന പക്ഷം ഓൺലൈൻവഴി റീടെസ്റ്റ് ഫീസ് അടച്ച് മറ്റൊരു പരീക്ഷാ ദിവസം തിരഞ്ഞെടുക്കേണ്ടതാണ്.

12. പരീക്ഷാസഹായി mvd.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കും.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ